മലയാള
സന്തോഷം നിറയട്ടെ... ഓരോ വീട്ടിലും

# മനോരമ

www.manoramaweekly.in

ആഴ്ചപ്പതിപ്പ്
ഇന്ത്യയിൽ ഏറ്റവും കൂടുതൽ
പ്രചാരമുള്ള വാരിക
2017 നവംബർ 11
52 പേജ് * ₹ 08



## ജിഎസ്ടി കൊള്ളോൽസവം!

## പച്ചക്കറിയും മീനും വളർത്താനുള്ള വഴികൾ

## ഊർജസ്വലതയ്ക്ക് തേൻ മധുരം!

## തൃശൂരിൽ ഭീതി പരത്തി രാക്ഷസൻ ഒച്ച്

കവർ സ്റ്റോറി

## ആഴക്കടലിൽ കാണാപ്പൊന്നു തേടുന്ന രേഖയോടൊപ്പം മനോരമ ആഴ്ചപ്പതിപ്പ് ലേഖികയും

പുറംകടലിൽ മത്സ്യബന്ധനത്തിനു പോകുന്ന ഇന്ത്യയിലെ ഏക വനിതയാണ് കെ.വി.രേഖ. കേന്ദ്ര മത്സ്യഗവേഷണ കേന്ദ്രം ഇന്ത്യ മുഴുവൻ തിരച്ചിൽ നടത്തി കണ്ടെത്തിയതാണ് തൃശൂർ ചേറ്റുവ സ്വദേശി രേഖയെ. പത്തു വർഷത്തിലേറെയായി ഭർത്താവ് കാർത്തികേയനോടൊപ്പം രേഖ കടലിൽ പോകാൻ തുടങ്ങിയിട്ട്. കടലാഴങ്ങൾ അടുത്തറിഞ്ഞ ആ പെൺമനസ്സിനോടൊപ്പം ഒരു കടൽ യാത്ര



# കടലാഴമറിഞ്ഞ പെൺമനസ്സ്

കവർ സ്റ്റോറി

**നിഷിമ**
nishimak@mm.co.in

"പുലർച്ചെനാലുനാലരമണിക്കാണുസാധാരണകടലിൽപോകാറുള്ളത്. അതു കഴിഞ്ഞാൽ കിട്ടിയ മീനുമായി അഞ്ചരയോടെ മാർക്കറ്റിലോ ഹാർബറിലോ പോകും. "ഇതാണു പതിവെന്നു രേഖ പറഞ്ഞപ്പോൾ ആ പതിവുതെറ്റിക്കാതെ കടലിൽ കൂടെ പോകാനായിരുന്നു ഞങ്ങളും നിശ്ചയിച്ചിരുന്നത്.

പക്ഷേ, കടൽ പതിവിലേറെ ശാന്തമായതിനാൽ രാത്രി തന്നെ രേഖയും കാർത്തികേയനും മീൻപിടിക്കാൻ പോയിരുന്നു.

അഞ്ചു മണിയോടെ ഞങ്ങൾ ചേറ്റുവ അഴിമുഖത്തെത്തി അതേ സമയം തന്നെ രേഖയുടെ ഫൈബർ വള്ളം കടലിൽനിന്നു തിരിച്ചെത്തി ഒരു മണിക്കൂർ നേരത്തെ വിശ്രമത്തിനുശേഷം വീണ്ടും കടലിലേക്ക്...

"ചിലപ്പോഴൊക്കെ ഇങ്ങനെയാണ്. രാവും പകലുമൊന്നും നോക്കാതെ സദാസമയവും ഞങ്ങൾ കടലിൽ തന്നെയാവും," വള്ളത്തിൻെറ കെട്ടഴിക്കുന്നതിനിടയിൽ രേഖ പറഞ്ഞു.

കടൽപുഴപോലെശാന്തമാണ്.എങ്കിലുംവള്ളത്തിൽകാലെടുത്തുവച്ചപ്പോൾഉണ്ടായആദ്യഉലച്ചിലിൽമനസ്സൊന്നാളി "ദൈവമേ... നീന്തൽ പോലുമറിയില്ല"

ഉറക്കെയുള്ള ആത്മഗതംകേട്ടു രേഖ ചിരിയോടെ പറഞ്ഞു: "എനിക്കും അറിയില്ല"

"പത്തു വർഷത്തിലധികമായില്ലേ കടലിൽ പോകാൻ തുടങ്ങിയിട്ട് എന്നിട്ടും?," വിശ്വാസം വരാതെ ചോദിച്ചു.

"ഈ അടുത്തകാലത്തു പഠിക്കാൻ ഒരു ശ്രമം നടത്തിയിരുന്നു. കടലമ്മയെ കണ്ണടച്ചങ്ങു വിശ്വസിച്ചാൽ മതി ഒന്നും സംഭവിക്കില്ല."രേഖയുടെമുഖത്തിപ്പോൾ ഹിമാലയം കീഴടക്കിയപെണ്ണിന്റെ ആത്മവിശ്വാസം.


ആ ആത്മവിശ്വാസം ഒരു കാറ്റായി- ധൈര്യമായി ഞങ്ങളിലേക്കുംവീശിയടിച്ചു.

"ചേട്ടന്റെ കൂടെ സഹായിയായി കടലിൽ പോകാൻ ആളെകിട്ടാതായപ്പോഴാണ്, ഞാൻപോകാൻ തീരുമാനിച്ചത്. മാത്രമല്ല.വീട്ടിലെ കഷ്ടപ്പാട് അത്രയുമുണ്ടായിരുന്നു ഇപ്പോൾ ഒരാണു ചെയ്യുന്ന എല്ലാ പണിയും ഞാൻ ചെയ്യും. ആദ്യമൊക്കെ തുറക്കാരുടെ എതിർപ്പുണ്ടായിരുന്നു. പെണ്ണു കടലിൽ പോകാൻ പാടില്ല എന്നാണല്ലോ വിശ്വാസം. ഏതെങ്കിലും ഒരമ്മയ്ക്ക് ആൺ പെൺ വ്യത്യാസത്തോടെ മക്കളെ സ്നേഹിക്കാൻ പറ്റുമോ? എനിക്കു കടലമ്മ എന്റെ അമ്മയെപ്പോലെ തന്നെയാണ് അമ്മയുടെ അടുത്തുപോകാൻ ഞാൻ ആരെയാണു പേടിക്കേണ്ടത്?"

വള്ളം പതുക്കെ മുന്നോട്ടു നീങ്ങി

കരയിൽനിന്ന് അധികം ദൂരമില്ലാതെ ഇരുമ്പുകമ്പിയും വലയുമൊക്കെയായി കൂടുപോലെ കെട്ടിയുണ്ടാക്കിയ സ്ഥലം ലക്ഷ്യമാക്കിയാണു വള്ളം നീങ്ങുന്നത്.

"ഇതാണു ഞങ്ങളുടെ മത്സ്യക്കൃഷി . മീനുകൾക്ക് തീറ്റ കൊടുത്തിട്ടു പോകാം."









ചിത്രങ്ങൾ: ഫഹദ് മുനീർ

കേന്ദ്ര മത്സ്യഗവേഷണ കേന്ദ്രം സമ്മാനമായി നൽകിയതാണു 2000 കാളാഞ്ചി മത്സ്യക്കുഞ്ഞുങ്ങളെ ഇപ്പോൾ അവയ്ക്ക് അഞ്ചുമാസം പ്രായമായി വിഷം കലർന്ന വെള്ളം ഒഴുകിയെത്തി അറുന്നൂറോളം കുഞ്ഞുങ്ങൾ ചത്തുപോയിരുന്നു.

കെട്ടിയുയർത്തിയ ഇരുമ്പു കമ്പിയിൽ ചവിട്ടി നിന്നു കാർത്തികേയൻമീനുകൾക്കുതീറ്റഎറിഞ്ഞുകൊടുത്തു.മുകളിലേക്കു കുതിച്ചുയരുന്ന മീനുകൾ!

"എല്ലാ ജോലികളും അറിയാമെന്നല്ലേ പറഞ്ഞത്, വള്ളമോടിക്കുമോ?"

കാർത്തികേയന്റെ അരികിലിരിക്കുകയായിരുന്ന രേഖ ചോദ്യംകേട്ട്, എൻജിന്റെ നിയന്ത്രണം ഏറ്റെടുത്തു.

"ഇരുപത്തിയഞ്ചു വർഷത്തിലേറെ പഴക്കമുണ്ട് ഈ എൻജിന്. പത്തുവർഷംമുൻപു വാങ്ങിയതാണ്. ഒരുലക്ഷത്തിനടുത്തു രൂപയായി. വള്ളത്തിനും അത്ര തന്നെയായി. പഴകിയതിന്റെ കുഴപ്പങ്ങളൊക്കെ ഇതിനുണ്ട്. പക്ഷേ, കടലിൽ വച്ച് ഇതുവരെ പണിമുടക്കിയിട്ടില്ല പഴയ എൻജിനായതുകൊണ്ട് എണ്ണയും ഒരുപാടു വേണ്ടിവരുന്നുണ്ട്. ദിവസം 35 ലീറ്ററോളം മണ്ണെണ്ണ വേണം, 600 രൂപയുടെയെങ്കിലും പെട്രോളും. പുതിയൊരു എൻജിൻവാങ്ങണമെന്നുണ്ട്, പണംവേണ്ടേ?"

കരഅകലേക്കുമാഞ്ഞുകൊണ്ടിരുന്നു.

മീനുകൾ ഇടയ്ക്കു കുതിച്ചുപൊങ്ങുന്നു രണ്ടു കടൽക്കാക്കകൾ തല്ലുകൂടി പറന്നകന്നു. വള്ളത്തിൽ നിന്നു വെള്ളത്തിലേക്കുനോക്കിയപ്പോഴാവട്ടെ, ഓറഞ്ച്നിറത്തിൽപാടപോലെ വിചിത്ര ജീവികൾ ഒഴുകിനടക്കുന്നു.

" ഇതാണ് തീച്ചൊറി. തൊട്ടിട്ടുണ്ടെങ്കിൽ തീപ്പൊള്ളലേറ്റതു പോലെയാ. സഹിക്കാൻ പറ്റാത്ത ചൊറിച്ചിലും. ചിലപ്പോഴൊക്കെ ഇതു വലയിൽ കുടുങ്ങും. രാത്രിയിലാണു ബുദ്ധിമുട്ട്,"രേഖവിശദീകരിച്ചു.

കടൽ കണ്ട് . കഥ കേട്ട് ആസ്വദിച്ചിരിക്കുന്നതിനിടയിലാണ് അതിശക്തമായ ഒരു തിരവന്നു വള്ളത്തെഉലച്ചുകടന്നു പോയത്. എന്താണു സംഭവിച്ചതെന്നു തിരിച്ചറിയുന്നതിനു മുൻപു തിരമാല ഒന്നുകൂടി വള്ളത്തെ ആകാശത്തേക്ക് ഉയർത്തി താഴെയിട്ടു. അമ്യൂസ്മെന്റ്പാർക്കിലെഏതോറൈഡിൽ കയറിയ ഫീലിൽ അറിയാതെ നിലവിളിച്ചുപോയി.

വള്ളത്തിൽ കഷ്ടപ്പെട്ടു ബാലൻസ് ചെയ്തു നിന്നു ചാഞ്ഞും ചരിഞ്ഞും ഫോട്ടോ എടുത്തിട്ടും തൃപ്തിവരാതെ മോണോപോഡിൽ ക്യാമറ കണക്ട് ചെയ്തുകൊണ്ടിരുന്ന ഫൊട്ടോഗ്രഫർ ഞെട്ടിയത് ആ നിലവിളി ശബ്ദം കേട്ടാണ്.

"അലർച്ചയിൽ, ക്യാമറ ഇപ്പോൾ തെറിച്ചുപോയേനെ."

"പേടിക്കണ്ട. റോഡിലെ ഗട്ടറല്ലേ ഇതുവരെ കണ്ടിട്ടുള്ളൂ. ഇതാണുകടലിലെ ഗട്ടർ. ഇത്രടം വരെ വന്നിട്ട് ഈ ഗട്ടറിൽ വീഴാനുള്ള ഭാഗ്യംണ്ടായില്ലെങ്കി മോശമല്ലേ." കാർത്തികേയന്റെ കമന്റ്

അത്രയും നേരം ശാന്തമായിരുന്ന കടലിൻെറ ഭാവമാറ്റം ഉണ്ടാക്കിയ അമ്പരപ്പ് ആ തമാശയിൽ വിട്ടു പോയില്ല



രേഖയും കാർത്തികേയനും മക്കളോടൊപ്പം

രേഖ പറഞ്ഞു തുടങ്ങി: "കടൽ ഇങ്ങനെയൊക്കെയാണ് എപ്പോഴാ മാറുകാന്ന് പറയാൻപറ്റൂല. ഒരിക്കൽ ഞങ്ങൾ ചെമ്മീൻ വലയുമായി കടലിൽ പോയി. ദാ, വള്ളത്തിന്റെ ആ കള്ളി നിറയെ ചെമ്മീൻ കിട്ടി. സന്തോഷത്തോടെ തിരിച്ചുവരുന്നവരുന്ന വഴി ചാളകൾ പൊങ്ങിച്ചാടുന്നതു കണ്ടു വലയിട്ടുനോക്കിയപ്പോൾ കുറെ ചാളയും കിട്ടി എല്ലാംകൂടി പത്തു നാൽപതിനായിരം രൂപയുടെ മീൻ കിട്ടിയതിന്റെ സന്തോഷത്തിൽ ഞങ്ങൾ തിരിച്ചുവരുമ്പോഴാണു കടലിന്റെ ഭാവം പെട്ടെന്നു മാറിയത് തിര ശക്തമായി വള്ളം മുങ്ങി എന്നു തന്നെ ഞങ്ങൾ കരുതി. എനിക്കു നീന്തലുപോലും അറിയില്ലല്ലോ. ഞാൻ കടലമ്മയെ വിളിച്ചുകരഞ്ഞു പ്രാർഥിച്ചു ഒന്നു പേടിപ്പിച്ചെങ്കിലും കടൽ പിന്നെയും ശാന്തമായി."

അതെ, ഞങ്ങളെയും ഒന്നു ഗട്ടറിൽ വീഴ്ത്തി പേടിപ്പിച്ചെങ്കിലും കടൽ വീണ്ടും ശാന്തമായി. കരയിപ്പോൾ കാണാനേയില്ല ദൂരെ കരുത്താർജിക്കുന്ന സൂര്യനും അനന്തമായ കടലും മാത്രം.

പച്ചയോ നീലയോ എന്നു വേർതിരിച്ചറിയാനാവാത്ത നിറം മാത്രമാണു ചുറ്റും. എങ്ങനെയാവും മീൻപിടിത്തക്കാർ രാത്രിയിലൊക്കെ ദിക്കു കണ്ടുപിടിച്ചു തിരിച്ചു പോകുന്നുണ്ടാവുക?

സംശയത്തിനു കാർത്തികേയനു വ്യക്തമായ മറുപടിയുണ്ടായിരുന്നു 'രാത്രി നക്ഷത്രങ്ങളെ നോക്കിദിക്കു കണ്ടുപിടിച്ചു കരയിൽ തിരിച്ചുപോകാൻ എനിക്കറിയാം. പകൽ സൂര്യൻ നേരെമുകളിലാണെങ്കിൽ ദിക്കറിയാതെ പെട്ടുപോകും. എങ്കിലും കടലിനെ അടുത്ത് അറിയാവുന്നവർക്ക് ഒരു ഏകദേശ ധാരണയുണ്ടാവും. എനിക്ക് ഇതുവരെ വഴി തെറ്റിയിട്ടില്ല"

ദിക്കു കണ്ടുപിടിക്കുന്ന ടെക്നിക് മാത്രം രേഖയ്ക്കു കാർത്തികേയനെപ്പോലെ വശമില്ല

"നമ്മളിപ്പോൾ എത്ര കിലോമീറ്റർ വന്നു കാണും?"

"കിലോമീറ്റർ കണക്ക് ഞങ്ങൾക്കില്ല ഒരു പത്തിരുപതു മാറ് കടന്നു കാണും. ആഴക്കടലാണ്"

- കാർത്തികേയൻ പറഞ്ഞു

കടൽച്ചൊരുക്ക് ചെറുതായി ബാധിച്ചു തുടങ്ങിയോ എന്നു സംശയം. തലകറങ്ങുന്നതുപോലെയും മനം പിരട്ടുന്നതുപോലെയുമൊക്കെ തോന്നി

"പ്രശ്നം തുടങ്ങിയോ?,"

കണ്ണടച്ചു തലകുനിച്ച് ഇരിക്കുന്നതു കണ്ടു രേഖ ചിരിയോടെ ചോദിച്ചു

"കടൽ ശാന്തമായതു കൊണ്ടാണു നിങ്ങൾക്ക് ഇതുവരെ വലിയ പ്രശ്നങ്ങളൊന്നും തോന്നാതിരുന്നത്. ഞാൻ ആദ്യമായി കടലിൽ വന്നപ്പോൾ പതിനാലി മാറൊക്കെ എത്തിയപ്പോഴേക്ക് കടൽച്ചൊരുക്കു കാരണം അസ്വസ്ഥത വന്നു തുടങ്ങി. തലകറക്കവും ഛർദിയും കാരണം അവശയായി വള്ളത്തിൽ കിടന്നുപോയിട്ടുണ്ട്. ചോര വരെ ഛർദിച്ചിട്ടുണ്ട്. അതെല്ലാം സഹിച്ച് വീണ്ടും വീണ്ടും വന്നു." ആദ്യ കടൽയാത്രയെക്കുറിച്ചു രേഖ വിവരിച്ചു.

"ഇവിടെ വലയിടാം." പറഞ്ഞതും രേഖ എൻജിൻ കാർത്തികേയനു കൈമാറി വലയെടുത്തു.

"ഇതൊരു സാധാരണ വലയാണ്. അധികം മീൻ കിട്ടുമെന്ന പ്രതീക്ഷയൊന്നുമില്ല. ഓരോ തരം മീനിനും ഓരോ തരം വലവേണം. അയല വല, മത്തി വല, ആവോലി വല, ചെമ്മീൻ വല അങ്ങനെയങ്ങനെ... ചില വലകൾക്ക് ഒരുലക്ഷത്തിനടുത്തു വിലയുണ്ട്. ആവശ്യത്തിനനുസരിച്ചുള്ള വലയില്ലാത്തതു കാരണം ഞങ്ങൾക്ക് പണി കുറവാണ്."

വിദഗ്ധമായി രേഖ കടലിലേക്കു വലയെറിഞ്ഞു. ഒറ്റം ചുവന്ന കൊടിയിൽ കെട്ടി ഉറപ്പിച്ചു. അത് അടയാളമാണ്. മറ്റാരും അതേ സ്ഥലത്തു വലയിടാതിരിക്കാനും വള്ളങ്ങളോ ബോട്ടുകളോ അതിനു മുകളിലൂടെ പോകാതിരിക്കാനുമുള്ള അടയാളം.

ഇനി കാത്തിരിപ്പാണ്. രണ്ടു മൂന്നു മണിക്കൂറോളം നീളും കാത്തിരിപ്പ്. മീൻ കിട്ടിയാൽ കിട്ടി എന്നു പറയാം. ഒന്നിനും ഒരു ഉറപ്പുമില്ല. നാലു പെൺമക്കളെ രാത്രി തനിച്ചാക്കി കടലിൽ വന്ന് മണിക്കൂറുകളോളം കാത്തിരുന്ന് ഒടുവിൽ വെറും കൈയോടെ മടങ്ങിപ്പോകേണ്ടി വന്ന ദിവസങ്ങളെക്കുറിച്ചു പറഞ്ഞപ്പോൾ കാർത്തികേയന്റെ ശബ്ദമിടറി.

നിറയെ മീൻ കിട്ടണേ എന്ന പ്രാർഥനയോടെ കടലുനോക്കി ഞങ്ങൾ ആകാംക്ഷയോടെ ഇരുന്നു.

ആ കാത്തിരിപ്പിലാണു രേഖയും കാർത്തികേയനും അവരുടെ കഥ പറഞ്ഞത്.

"പ്രേമിച്ചു കല്യാണം കഴിച്ചവരാണു ഞങ്ങൾ. ഇപ്പോൾ 20 വർഷമായി. രണ്ടു വീട്ടുകാർക്കും എതിർപ്പായിരുന്നു. വാടകയ്ക്കു പോലും വീടു കിട്ടാതെ അമ്പലങ്ങളിലെ സത്രങ്ങളിലൊക്കെയായിരുന്നു അന്തിയുറങ്ങിയിരുന്നത്. കഷ്ടപ്പാടെന്നു വച്ചാൽ അങ്ങേയറ്റം കഷ്ടപ്പാട്. ഇപ്പോഴും അതിനു വലിയ മാറ്റമൊന്നുമില്ല. ഏതു പ്രതിസന്ധിയിലും കൂടെ നിൽക്കുന്ന ചില കൂട്ടുകാരുണ്ട്. പേരെടുത്ത് പറയാനാണെങ്കിൽ നിക്സൺ, കനകൻ, പാടൂർ നസീർ അങ്ങനെ ചിലർ. വല വാങ്ങാനും എൻജിൻ കേടായാൽ ശരിയാക്കാനുമൊക്കെ പണം തരുന്നത് അവരാണ്," കാർത്തികേയൻ പറഞ്ഞു



തൃശൂർ കൂർക്കഞ്ചേരിയിലാണു രേഖയുടെ വീട്. കടലിലിറങ്ങുന്നതു പോലും കല്യാണം കഴിഞ്ഞാണ്. അമ്മയ്ക്കു നീന്തൽ അറിയാത്തതിന്റെ ആശങ്ക മക്കൾക്കു നാലുപേർക്കുമുണ്ട്. മൂത്ത[illegible] വിദ്യാർഥിനിയാണ് മായയാണു വീട്ടിലെ പാചകവും സഹോദരങ്ങളുടെ കാര്യങ്ങളും നോക്കുന്നത്. രണ്ടാമത്തെ മകൾ •ക്ലാസിലും മൂന്നാമത്തെയാൾ ദേവപ്രിയ അഞ്ചിലും. ഏറ്റവും ഇളയമകൾ ലക്ഷ്മിപ്രിയ മൂന്നിലുമാണ്

വല, ഞങ്ങളുടെ പ്രതീക്ഷകളെ അസ്ഥാനത്താക്കി. രണ്ടു വലിയ ഞണ്ടും കല്ലും വിരലിലെണ്ണാവുന്ന മത്തിയും കുറെയേറെ തീച്ചൊറിയുമല്ലാതെ കാര്യമായൊന്നും ഉണ്ടായിരുന്നില്ല

രേഖയുടെ മുഖത്ത് പക്ഷേ നിരാശയില്ല. ഇതെത്ര കണ്ടതാണ് എന്ന ഭാവം. ചിരിവിടാത്ത മുഖത്തോടെ വലയിലെ തീച്ചൊറിയെ അവർ ശ്രദ്ധയോടെ കുടഞ്ഞു മാറ്റി.

കിട്ടിയ രണ്ടു ഞണ്ടുകളിൽ അവർ തൃപ്തയായിരുന്നു. "ഇതു കൊടുത്താൽ 500 രൂപ കിട്ടും."

തിരിച്ചു വരുമ്പോൾ വള്ളത്തിൽ നിശ്ശബ്ദതയായിരുന്നു

കേന്ദ്ര മത്സ്യഗവേഷണ കേന്ദ്രത്തിലെ ഏതാനും ഉദ്യോഗസ്ഥർ ചേറ്റുവ കടപ്പുറത്തു ഗവേഷണത്തിനു വന്നപ്പോഴാണു രേഖയെ കണ്ടുമുട്ടിയതും കേന്ദ്രകൃഷിസഹമന്ത്രി സുദർശൻ ഭഗത് അധ്യക്ഷനായ ചടങ്ങിൽ ആദരിച്ചതും. അല്ലായിരുന്നെങ്കിൽ ആരുമറിയാതെ പോയേനെ ഈ വീട്ടമ്മയുടെ സാഹസം നിറഞ്ഞ ജീവിത കഥ.

തിരിച്ചു വരുംവഴി പകുതിയായപ്പോൾ, കാർത്തികേയൻ പറഞ്ഞു. "നേരത്തെ വിരിച്ച ഒരു വലയുണ്ട് നമുക്ക് അതുകൂടി ഒന്നു പോയി നോക്കാം."

നാലുമണിക്കൂറോളം ആഴക്കടലിൽ മുങ്ങിത്തപ്പിയെങ്കിലും കടലമ്മ ഞങ്ങൾക്കായി കരുതിവച്ച സർപ്രൈസ് കരയോടടുത്ത് വിരിച്ച ആ വലയിലായിരുന്നു. ഒൻപതു കിലോയോളം വരുന്ന ഒരു കാളാഞ്ചി മത്സ്യം. ഒരു കിലോയ്ക്ക് അഞ്ഞൂറോളം വില വരും.

യാത്ര സന്തോഷത്തോടെ അവസാനിച്ചതിന്റെ ആശ്വാസം രേഖയുടെ മുഖത്ത്, ഞങ്ങളുടെയും.

കാർത്തികേയനും രേഖയും മീനുമായി ബൈക്കിൽ കയറി മാർക്കറ്റിലേക്ക് ■